പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T6433 31.10.2011 ൽ മറുപടിക്ക്

## ആധാർ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു.റ്റി. തോമസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ആധാർ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) ഇന്ത്യയിൽ താമസിക്കുന്ന മുഴുവൻ ജനങ്ങൾക്കും അവരെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങളും ബയോമെട്രിക് വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് നൽകുന്ന 12 അക്ക തിരിച്ചറിയൽ നമ്പർ ആണ് ആധാർ. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയാണ് (യു.ഐ.ഡി. എ.ഐ) ആധാർ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 50 ശതമാനത്തോളം (60 കോടി ആളുകളെ) 2014-ഓടെ ആധാർ പദ്ധതിയുടെ കീഴിൽ കൊണ്ടുവരിക എന്നതാണ് യു.ഐ.ഡി.എ.ഐ-യുടെ ലക്ഷ്യം. ഇതിൽ ഇന്ത്യയിൽ താമസിക്കുന്ന എല്ലാ ആളുകളും ഉൾപ്പെടും. കേരളത്തിൽ വിവര സാങ്കേതിക വകുപ്പ് വഴിയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>ആധാർ നമ്പർ ഒരു വ്യക്തിയുടെ പേര് പോലെ ഒരാളെ തിരിച്ചറിയാൻ ഉപയോഗിക്കാം. ഭാവിയിൽ എല്ലാ ഇ-ഗവേണൻസ് പദ്ധതികളുമായും ആധാറിനെ ബന്ധിപ്പിക്കാൻ സാധിക്കും. ഇതു വഴി വ്യക്തികളുടെ ഐഡന്റിറ്റി തെളിയിക്കേണ്ട ആവശ്യം വരുന്ന സന്ദർഭങ്ങളിൽ ആധാർ നമ്പർ വഴിയുള്ള പരിശോധന എളുപ്പത്തിൽ നടത്താൻ കഴിയും. പൊതു വിതരണ ശൃംഖലവഴിയുള്ള സബ്സിഡികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നത് എന്നുറപ്പു വരുത്താനും ഇത് ഉപയോഗിക്കാം. |

സെക്ഷൻ ഓഫീസർ